**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 980** **07-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്തവർക്ക് കോവിഡ് സാഹചര്യത്തിൽ തിരിച്ചടവിന് ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തവർക്ക് റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി 2020 മാർച്ച് 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ വായ്പകളിൽ മോറട്ടോറിയം ഏർപ്പെടുത്തുകയും ആയത് പ്രകാരം പിഴപ്പലിശ ഇളവ് ചെയ്ത് നൽകുകയും ചെയ്തു. |
| (ബി) | കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പകൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കാലാകാലങ്ങളിൽ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം പ്രഖ്യാപിക്കുന്ന ഒ.റ്റി.എസ്. പദ്ധതിയിൽ പലിശ / പിഴപ്പലിശ എന്നിവയിൽ ഇളവുകൾ നൽകി വരാറുണ്ട്. കൂടാതെ കോർപ്പറേഷനിൽ നിന്നും വായ്പ കൈപ്പറ്റിയ ശേഷം വായ്പക്കാർക്ക് ഉണ്ടാകുന്ന അത്യാഹിതം / മരണം കാരണം വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്കായി LDRF (Loanees Distress Relief Fund) പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. |
| (സി) | വായ്പാ കുടിശ്ശിക വരുത്തിയവർക്ക് റവന്യൂ റിക്കവറി ഒഴിവാക്കി തിരിച്ചടവിന് കൂടുതൽ സാവകാശം അനുവദിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുമോയെന്ന് വിശദമാക്കാമോ? | (സി) | ഭീമമായ കുടിശ്ശിക നിലനിൽക്കുന്ന വായ്പകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. റവന്യൂ റിക്കവറിയ്ക്ക് ശുപാർശ ചെയ്ത വായ്പകളിൽ സാവകാശം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ